കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗം വക **KL** 13 **Q**-999 നമ്പർ വാഹനം പുനർലേലം ചെയ്തു വിൽക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.1656/13/തസ്വഭവ തിരുവനന്തപുരം, തീയതി:24.06.2013.

---

പരാമർശം: 1. 17.04.2012-ലെ 12265/ഡി.ബി.3/12/തസ്വഭവ നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 03.12.2012-ലെ 1414/എ.സി.&എ.ഡി5/12/ സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ദാരിദ്ര്യലഘൂകരണ വിഭാഗം വക **KL** 13 **Q**-999 നമ്പർ വാഹനം 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം ) രൂപയിൽ കുറയാത്ത തുകയ്ക്ക് ലേലം ചെയ്തു വിൽക്കുന്നതിന് കണ്ണൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്ക് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 1,50,000/- രൂപയ്ക്ക് ലേലം ഏറ്റെടുക്കുവാൻ ആരും തയ്യാറാകാത്തതിനാൽ കണ്ണൂർ പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പുനർ നിർണ്ണയിച്ച വിലയായ 1,00,000/- (ഒരു ലക്ഷം) രൂപയ്ക്ക് ലേലം ചെയ്തു വിൽക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗം വക **KL** 13 **Q**-999 നമ്പർ വാഹനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ കുറയാത്ത തുകയ്ക്ക് ലേലം ചെയ്തു വിൽക്കുന്നതിന് കണ്ണൂർ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാ പഞ്ചായത്ത്, കണ്ണൂർ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ